# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1366

21.03.2012–ലെ മറുപടിയ്ക്ക്

## പട്ടികജാതി/വർഗ്ഗ സഹകരണ സംഘങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര പട്ടിക ജാതി/വർഗ്ഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | 771 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 411 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കടുത്ത പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഘങ്ങളുടെ സേവനം ഉപയോഗിക്കുന്നവരുടെ എണ്ണം കുറവായതും, പട്ടികജാതി/പട്ടികവർഗ്ഗ പൗരസമൂഹം തന്നെ ഇത്തരം സംഘങ്ങളിൽ നിന്നും അകലം പാലിക്കുന്നതുമൂലം അവരിൽ നിന്നും കഴിവുള്ള നേതൃത്വം ഉണ്ടാകാത്ത സാഹചര്യം നിലനിൽക്കുന്നതും കഴിവുള്ള നേതൃത്വത്തിന്റെ അഭാവത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുത്ത് സംഘത്തിന്റെ പ്രവർത്തനം മികവുറ്റതാക്കാൻ ടി സംഘങ്ങൾക്കു കഴിയാതെ വരുന്നതും സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് ഇത്തരം സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കുള്ള അജ്ഞതയും അവബോധകുറവും ഇത്തരം സംഘങ്ങളുടെ പ്രതിസന്ധിക്ക് കാരണമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത കാരണവും, ഇത്തരം സംഘങ്ങളുടെ അപ്പക്സ് |

സ്ഥാപനമായ എസ്.സി./എസ്.റ്റി. ഫെഡറേഷൻ കാര്യക്ഷമമായി പ്രവർത്തിക്കാത്തതും പൂൾഡ് ഫണ്ടിൽ നിന്നും, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭ്യമാക്കാത്തതും ഇത്തരം സംഘങ്ങളുടെ പ്രതിസന്ധിക്കു കാരണമായിട്ടുണ്ട്.

(സി) പട്ടികജാതി/വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തി പുനരുദ്ധാരണ ശുപാർശകൾ സമർപ്പിക്കുന്നതിന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് അതിലെ ശുപാർശകൾ പരിശോധിച്ച് സംഘങ്ങളുടെ പുനരുദ്ധാരണത്തിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ